(എ) സംസ്ഥാനത്ത് സാഹിത്യ സാംസ്കാരിക കലാരംഗങ്ങളിൽ സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും അവാർഡുകൾ ഏർപ്പെടുത്തുന്നത് സർക്കാരിന്റെ അനുവാദത്തോടെയാണോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(ബി) അവാർഡുകൾ ഏർപ്പെടുത്താൻ മാനദണ്ഡങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ സർക്കാരും വിവിധ സംഘടനകളും സ്ഥാപനങ്ങളും കൊടുത്തുവരുന്ന പ്രധാന അവാർഡുകളുടെ പൂർണ്ണമായ വിവരം അറിയിക്കുമോ;

(ഡി) അവാർഡുകൾ ഏർപ്പെടുത്തുന്നതിന് സർക്കാർ അനുവാദവും പ്രത്യേക നിബന്ധനകളും ഏർപ്പെടുരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) സർക്കാരിന്റെ അനുവാദം വാങ്ങണമെന്ന് ഇതേവരെ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. ഇതിന് നിയതമായ മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല.

(സി) സർക്കാരും സർക്കാർ സ്ഥാപനങ്ങളും നൽകുന്ന അവാർഡുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) സർക്കാർ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങൾ/സംഘടനകൾ നൽകുന്ന അവാർഡുകൾക്ക് നിബന്ധനകൾ ഏർപ്പെടുത്താനാവില്ല. നിലവാരം ഉള്ളതും ഇല്ലാത്തതുമായ പല പല സ്ഥാപനങ്ങൾ പല പല അവാർഡുകൾ നൽകിവരുന്ന ഏർപ്പാട് അവാർഡുകളുടെ നിലവാരം തകർക്കാൻ ഇടയാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് എന്ത് നിയന്ത്രണം ഏർപ്പെടുത്താനാകുമെന്ന് ഇനിയും പരിശോധിക്കേണ്ടതായിട്ടാണിരിക്കുന്നത്.

ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിലുള്ള പഠനകേന്ദ്രം

66 [1073] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ ചെമ്പഴന്തി ആസ്ഥാനമാക്കി രൂപീകരിച്ച അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ആയത് പ്രവർത്തനസജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി സ്ഥലം വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി ത്വരിതപ്പെടുത്തുമോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ ഗവേണിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചുവോ എങ്കിൽ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുനഃസംഘടിപ്പിച്ചില്ലെങ്കിൽ ഉടൻ പുനഃസംഘടിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ?

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രീനാരായണ ഗുരുദേവ പഠനകേന്ദ്രത്തിന് സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുമോ?

ഉത്തരം

(എ—എഫ്) ചെമ്പഴന്തി ആസ്ഥാനമാക്കി ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടന കേന്ദ്രം തുടങ്ങുന്നതിലേയ്ക്കായി രൂപീകരിച്ച ജനറൽ കൗൺസിൽ 17-8-2002-ൽ യോഗം ചേർന്നു. പഠനകേന്ദ്രം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കും സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിലേയ്ക്കും ഒരു പുതിയ സംവിധാനം ഉണ്ടാക്കുന്നതിനായി നിലവിലുള്ള സമിതിയെ പിരിച്ചുവിട്ടുകൊണ്ട് ഒരു പുതിയ ഭരണസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 12-11-2002-ലെ സർക്കാർ ഉത്തരവ് (കൈ) 40/02/സിഎഡി പ്രകാരം പഴയ ഭരണസമിതി പിരിച്ചുവിടുകയുണ്ടായി. ഈ പദ്ധതിക്കുവേണ്ടി സ്ഥലം വാങ്ങുകയോ പ്രവർത്തനത്തിന് പ്രത്യേക തുക അനുവദിക്കുകയോ ചെയ്തിരുന്നില്ല. കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ആശാൻ സ്മാരകം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി

67 [1074] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല്ലന കുമാരകോടിയിലുള്ള ആശാൻ സ്മാരകം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തോന്നയ്ക്കൽ മാതൃകയിൽ പല്ലനയിലും വികസനപ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുമോ;

(സി) നേരത്തെ വിഭാവനം ചെയ്തിരുന്ന ബ്രിഡ്ജ് മ്യൂസിയം പല്ലനയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) ഇക്കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

തുഞ്ചൻ സ്മാരക ട്രസ്റ്റിലെ അംഗങ്ങൾ

68 [1075] ശ്രീ. പി. ടി. തോമസ്:
,, എം. പി. ഗംഗാധരൻ:
,, ലൂഡി ലൂയിസ്:
,, കെ. ബാബു:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly